# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6172      20.11.2019-ലെ മറുപടിയ്ക്ക്

## വനസംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.യു. ജനീഷ് കുമാർ | അഡ്വ. കെ.രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വനങ്ങളുടെ സംരക്ഷണത്തിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (എ) | സംസ്ഥാനത്ത് വനസംരക്ഷണത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ താഴെ പറയുന്നു.<br>1. വനം കയ്യേറ്റങ്ങൾ തടയുന്നതിനായി വനാതിർത്തി സർവ്വേയും ജണ്ട നിർമ്മാണവും നടത്തുക. ഈ സർക്കാർ അധികാരത്തിൽ വന്ന 2016-17 മുതൽ ജണ്ട നിർമ്മാണത്തിൽ കാര്യമായ പുരോഗതി കൈവരിക്കുവാനായിട്ടുണ്ട്. 2016-17 ൽ 12,500 ജണ്ടകളും (ഉദ്ദേശം 550 കി.മീ വനാതിർത്തി), 2017-18 ൽ 14,416 ജണ്ടകളും (ഉദ്ദേശം 700 കി.മീ വനാതിർത്തി), 2018 -19 സാമ്പത്തിക വർഷത്തിൽ ഉദ്ദേശം 700 കിലോമീറ്റർ നീളത്തിലുള്ള വനാതിർത്തികളിൽ 14,618 സ്ഥിരം ജണ്ടകളും നിർമ്മിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ഉദ്ദേശം 660 കി.മീ. വനാതിർത്തിയിൽ 14,000 സ്ഥിരം ജണ്ടകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിവരുന്നു.<br>2. പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ/ പുറമ്പോക്കുകൾ തുടങ്ങിയ സ്ഥലങ്ങളും, റിസർവ്വ് വനമായി പ്രഖ്യാപിക്കാത്ത വനഭൂമികളും റിസർവ്വ് വനമായി പ്രഖ്യാപിച്ച് സംരക്ഷിക്കുന്നതിനുള്ള നടപടികൾ.<br>3. കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ ഡെറാഡൂണിലെ ഫോറസ്റ്റ് സർവ്വെ ഓഫ് ഇന്ത്യയുടെ സാങ്കേതിക റിമോട്ട് സെൻസിങ്ങ് വിദ്യയുടെ സഹായത്തോടെ ഊർജ്ജിതമായി നടപ്പിലാക്കൽ.<br>4. പുതുതായി ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കൽ. 2018-19 സാമ്പത്തിക വർഷത്തിൽ പുതുതായി 10 ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.<br>5. ബീറ്റ് ഫോറസ്റ്റ് ഓഫീസർ/ സെക്ഷൻ |

| | | | |
|---|---|---|---|
| | | | ഫോറസ്റ്റ് ഓഫീസർ-മാരുടെ സർവ്വേ ട്രെയിനിംഗ്. 2015-16 വർഷം മുതൽ നാളിതുവരെ 30 പേരടങ്ങുന്ന 8 ബാച്ചുകളിലായി 240 പേർക്ക് സർവ്വേ ട്രെയിനിംഗ് പരിശീലനം നൽകിയിട്ടുണ്ട്.<br><br>6. വനം വകുപ്പുമായി ബന്ധപ്പെട്ട പുരാതന രേഖകൾ സൂക്ഷിക്കുന്നതിനായി നൂതന രീതിയിലുള്ള ഒരു റിക്കാർഡ് റൂം കോഴിക്കോട് മാത്തോട്ടം ഫോറസ്റ്റ് കോംപ്ലക്സിൽ സ്ഥാപിച്ചിട്ടുണ്ട്. 2018 സെപ്റ്റംബർ മുതൽ ടി റിക്കോർഡ് റൂമിന്റെ പ്രവർത്തനം നടന്നു വരുന്നുണ്ട്.<br><br>7. വനത്തിനുള്ളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് വനവിഭവങ്ങളുടെയും, വന്യ ജീവികളുടെയും സംരക്ഷണം.<br><br>8. ആധുനിക സാങ്കേതിക വിദ്യകളുടെ സഹായവും വനസംരക്ഷണത്തിനായി ഉപയോഗിക്കുന്നുണ്ട്. കേന്ദ്രീകൃത കാൾ സെന്റർ ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. ജി.പി.എസ് ട്രാക്കിംഗ് സംവിധാനം നടപ്പിലാക്കി വരുന്നു. ജി.ഐ.എസ്-ന്റെ സഹായത്തോടെ M-STrIPES (Monitoring System for Tigers-Intensive Protection and Ecological Status) എന്ന മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ചുള്ള പട്രോളിംഗ് പ്രവർത്തനങ്ങൾ 2019 ജനുവരി മുതൽ പെരിയാർ ടൈഗർ റിസർവ്വിൽ നടപ്പാക്കി വരുന്നു. |
| (ബി) | കോന്നി നിയോജകമണ്ഡലത്തിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (ബി) | വനാതിർത്തി വേർതിരിക്കുന്നതിന് ജണ്ടകെട്ടി തിരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ വർഷം ഉദ്ദേശം 7.5 കി.മീറ്റർ ദൂരത്തിൽ 467 ജണ്ടകൾ കെട്ടുന്നതിനും, അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വനസംരക്ഷണ പ്രവർത്തനങ്ങളുടെ നവീകരണത്തിന് ഫോൺ, ഇ-മെയിൽ, വയർലസ് തുടങ്ങിയ സംവിധാനങ്ങളും, കൂടാതെ M-STrIPES സോഫ്റ്റ് വെയർ സംവിധാനത്തോടെയുള്ള മൊബൈൽ ഫോണുകളും, വനം കുറ്റ കൃത്യങ്ങളുമായി ബന്ധപ്പെട്ട കേസുകളുടെ വിശദാംശങ്ങൾ അറിയുന്നതിനുള്ള HAWK സോഫ്റ്റ് വെയർ, കാട്ടുതീ മുൻകൂട്ടി അറിയുന്നതിനുള്ള FSI SMS അലർട്ട് സംവിധാനങ്ങൾ എന്നിവയും ഫലപ്രദമായി ഉപയോഗിച്ചു വരുന്നു. കോന്നി വനസംരക്ഷണ സമിതിയുടെ കീഴിലുള്ള 4 ആദിവാസി വന സംരക്ഷണ സമിതികൾ ഉൾപ്പെടെ 23 വി.എസ്.എസ് വഴി കേന്ദ്ര സർക്കാരിന്റെ ഹരിതഭാരത ദൗത്യം പദ്ധതിയിൽ ഉൾപ്പെടുത്തി പ്രക്ഷീണ വനങ്ങളുടെ |

| | | | |
|---|---|---|---|
| | | | ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി വനവൽക്കരണവും, വനസംരക്ഷണവും കൂടാതെ സാമൂഹ്യക്ഷേമ പദ്ധതികളും, സമിതി അംഗങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികളും ഉൾപ്പെടെ വിവിധ പ്രവർത്തനങ്ങൾ കോന്നി ഫോറസ്റ്റ് ഡവലപ്പ്മെന്റ് ഏജൻസി ഏറ്റെടുത്ത് നടപ്പാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**